**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4384** **06-03-2023 - ൽ മറുപടിയ്ക്ക്**

**മുള വ്യവസായം വികസിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മുള വ്യവസായത്തിന്റെ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, ഭൂമി ഏറ്റെടുക്കൽ നടപടിയിലെ കാലതാമസം, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന് ഏതൊക്കെ നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ പരമ്പരാഗത ഗ്രാമ വ്യവസായ മേഖലകളിലൊന്നായ മുള മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടേയും, സംരംഭകരുടേയും ജീവിത നിലവാരം ഉയർത്തി അവരെ പുരോഗമനപാതയിലേക്ക് നയിക്കു ന്നതിനും വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ വ്യവസായ വകുപ്പിന് കീഴിൽ രൂപീകരിച്ച്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ (കെബിപ്പ്) പ്രവർത്തിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിലൊന്നായ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടെയും സംരംഭകരുടെയും വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ മുഖേന നൈപുണ്യ വികസന പരിശീലനം, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക മികവ് വർദ്ധിപ്പിക്കുക, സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പ്രാപ്തരാക്കുക, പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം, വിപണന മേളകൾ സംഘടിപ്പിക്കുക, ദേശീയ അന്തർ ദേശീയ മേളകളിൽ കരകൗശല വിദഗ്ധരെ പങ്കെടുപ്പിക്കുക, മുള കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് മുളയുടെ ലഭ്യത സുലഭമാക്കുന്നതിനായി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI) പീച്ചി, തൃശ്ശൂർ; ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & |

| | | | |
|---|---|---|---|
| | | | റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI), തിരുവനന്തപുരം, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ (KSBC) എറണാകുളം; മറ്റ് എൻ.ജി.ഒ.കൾ മുഖേന മുള പ്രജനനം പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതികൾ കേരള സംസ്ഥാന ബാംബൂ മിഷൻ നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ കേന്ദ്ര സർക്കാരിന്റെ നാഷണൽ ബാംബൂ മിഷൻ പദ്ധതി പ്രകാരം സംസ്ഥാന ബാംബൂ കോർപ്പറേഷൻ, എം.ജി.എൻ.ആർ.ഇ. ജി.എസ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സ്വകാര്യ വ്യക്തികൾ എന്നിവർ മുഖേന മുള കൃഷി നടപ്പിലാക്കി വരുന്നു. അത് പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉപകാരപ്രദമാണ്. |
| (ബി) | ഈ മേഖലയിൽ സംരംഭകത്വ വികസനം, നൈപുണ്യ വികസനം എന്നിവ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (ബി) | മുള മേഖലയിലെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തുന്ന പ്രവർത്തനങ്ങളിലൊന്നാണ് വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ്. 2004 ൽ ആണ് ആദ്യമായി കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചത്. എല്ലാ വർഷവും ഡിസംബർ മാസത്തിൽ കൊച്ചിയിൽ 'ബാംബൂ ഫെസ്റ്റ്" സംഘടിപ്പിച്ചുവരുന്നു. മുള അധിഷ്ഠിത ഉൽപ്പന്നങ്ങളാണ് സ്റ്റാളുകളിൽ പ്രദർശിപ്പി ക്കുന്നത്.<br><br>കേരളത്തിലെ വിവിധ ജില്ലകളിൽ മുള കരകൗശലക്കാർ, സംരംഭകർ എൻ.ജി.ഒ/ സൊസൈറ്റി/ഗ്രൂപ്പുകൾ കൂടാതെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കരകൗശല തൊഴിലാളികൾ/ ഗ്രൂപ്പുകൾ/ എൻ.ജി.ഒ./ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവർ തുടർച്ചയായി കേരള ബാംബൂ ഫെസ്റ്റിൽ പങ്കെടുക്കുന്നതിലൂടെ ആർജ്ജിക്കുന്ന വാണിജ്യപരമായ നേട്ടം കാരണം ഇവരുടെ പങ്കാളിത്തം ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മുന്നൂറോളം പേർ ഈ മേളയിൽ പങ്കെടുക്കാറുണ്ട്. പുതിയ സാങ്കേതിക വിദ്യയും ഓൺലൈൻ അവസരങ്ങളും പരമാവധി ഉപയോഗപ്പെടുത്തി ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചു വരികയാണ്. മുള അനുബന്ധ മേഖലയിൽ നിന്നുള്ള വിവിധങ്ങളായ കരകൗശല വസ്തുക്കൾ, ആഭരണങ്ങൾ, ഗൃഹാലങ്കാര വസ്തുക്കൾ, ഫർണിച്ചറുകൾ, ഭവന നിർമ്മാണത്തിനു വേണ്ടി ഉപയോഗിക്കാവുന്ന ഉൽപ്പന്നങ്ങൾ, മുള ഉൽപ്പന്ന |

| | | | |
|---|---|---|---|
| | | | നിർമ്മാണ രീതികൾ, അതിന് അനുയോജ്യമായ ഉപകരണങ്ങൾ തുടങ്ങി മുള മേഖലയിലെ മുഴുവൻ ഉൽപ്പന്നങ്ങളും അവയുടെ സാധ്യതകളും ഈ മേളയിൽ അവതരിപ്പിക്കപ്പെടുന്നു. കേരളത്തിലെ മുള കരകൗശലക്കാരുടെ നൈപുണ്യ വികസനത്തിനായി വിവിധ ജില്ലകളിൽ എൻ.ജി.ഒ/സൊസൈറ്റി/ ഗ്രൂപ്പുകൾ മുഖേന മുള കൊണ്ട് കരകൗശല വസ്തുക്കൾ/ നൂതന ഗൃഹാലങ്കാരങ്ങൾ/ബാംബൂ കർട്ടൻ/വിവിധ തരം മുള നെയ്ത്ത് ഉൽപ്പന്നങ്ങൾ/മുള കൊണ്ടുള്ള പേന, പെൻസ്റ്റാൻറ്, ട്രോഫി, മൊമന്റോ, ജ്വവലറി, കളിപ്പാട്ടങ്ങൾ/ഫർണിച്ചർ നിർമ്മാണം തുടങ്ങിയ മേഖലയിൽ പരിശീലനം നൽകി വരുന്നു.<br><br>സംസ്ഥാനത്തെ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധർ/ സംരംഭകർ/ എൻ.ജി.ഒ/ എസ്.എച്ച്.ജി എന്നിവരുടെ ഉല്പന്നത്തിന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന വിവിധ ദേശീയ അന്തർ ദേശീയ വിപണന മേളകൾ, ബിസിനസ്സ് മീറ്റുകൾ എന്നിവയിൽ പ്രതിനിധികളെ കേരള സംസ്ഥാന ബാംബൂ മിഷൻ പങ്കെടുപ്പിക്കുന്നു.<br><br>മുള മേഖലയിൽ നൈപുണ്യ വികസനം വർദ്ധിപ്പിക്കുന്നതിനായി കോതമംഗലത്ത് ലൈവ്ലി ഹുഡ് ബിസിനസ് ഇൻക്യൂബേഷൻ സെന്റർ നിർമ്മാണം പൂർത്തിയായി ക്കൊണ്ടിരിക്കുന്നു. അതുവഴി നിരവധി ബാംബൂ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളി കൾക്ക് വിദഗ്ധ പരിശീലനം നൽകാൻ ഉപയുക്തമാണ്. |
| (സി) | സാങ്കേതിക വിദഗ്ധരും സംരംഭകരും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ? | (സി) | സംസ്ഥാനത്ത് മുള മേഖലയിലെ കരകൗശലക്കാർക്ക് വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ, അങ്കമാലിയിലെ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ പരിസരത്ത് ബാംബൂ ഇന്നവേഷൻ സെന്റർ രൂപീകരിച്ച് 2016 മുതൽ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്തെ മുള മേഖലയുടെ വികസനത്തിനായുള്ള ഒരു റിസോഴ്സ് സെന്ററായിട്ടാണ് ബാംബൂ ഇന്നവേഷൻ സെന്റർ പ്രവർത്തിക്കുന്നത്. മുളകൊണ്ട് നിർമ്മിക്കാവുന്ന നൂതന മാതൃകകളുടെ പ്രദർശനം, പുതിയ മാതൃകകൾ ഉണ്ടാക്കുവാനും അത് പഠിപ്പിക്കുവാനുമുള്ള സംവിധാനം, നിർമ്മാണത്തിനാവശ്യമുള്ള |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങളെപറ്റി പഠിപ്പിക്കുക, നിലവിലുള്ള കരകൗശലക്കാരുടെ നൈപുണ്യം വിലയിരുത്തി, അതിനെ അടിസ്ഥാനമാക്കി പരിശീലന പരിപാടികൾ തയ്യാറാക്കുക തുടങ്ങിയവയാണ് ബാംബൂ ഇന്നവേഷൻ സെന്ററിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ. കേരള സംസ്ഥാന ബാംബൂ മിഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, ബാംഗ്ലൂർ, അഹമ്മദാബാദ്; സെന്റർ ഫോർ ഇന്ത്യൻ ബാംബൂ റിസോഴ്സ് & ടെക്നോളജി (CIBART), ഗുജറാത്ത്; ബാംബൂ & കെയ്ൻ ഡവലപ്പ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് (BCDI), അഗർത്തല, തൃപുര എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പരിശീലകർക്കുള്ള പരിശീലന പരിപാടി (ToT Training Programme) സംഘടിപ്പിച്ചിട്ടുള്ളതും ഈ പരിശീലകരെ സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന വിവിധ പരിശീലന പരിപാടികളിൽ മാസ്റ്റർ ട്രെയിനേഴ്സാക്കി അവരുടെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.<br><br>കൂടാതെ മുള മേഖലയുടെ പുരോഗമന ആശയങ്ങൾ പരിചയപ്പെടുത്തുന്നതിന് വേണ്ടി ദേശീയ/സംസ്ഥാന തലത്തിൽ സാങ്കേതിക വിദഗ്ധരേയും സംരംഭകരേയും കരകൗശല വിദഗ്ധരേയും ഉൾപ്പെടുത്തി വിവിധ വർക്ക്ഷോപ്പുകൾ/ സെമിനാറുകൾ കേരള സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ